## താമസ്സക്കാരായ വ്യക്തികൾക്ക് വിദേശ നാണയ അക്കൗണ്ട് തുടങ്ങാനുള്ള പുതിയ സൗകര്യം

**നവംബർ 1-2002**

ഇപ്പോൾ ഇൻഡ്യയിൽ താമസ്സക്കാരനായ ഒരാൾക്ക് 2000 യു എസ് ഡോളറോ അതിനുതുല്യമുള്ള പണമോ ട്രാവലേഴ്സ് ചെക്കോ കൈവശം വെക്കാം. ഇത് താഴെപറയുന്ന രീതികളിൽ നേടിയതാകണം.

i ഇൻഡ്യയ്ക്ക് പുറത്ത് യാത്ര ചെയ്യുമ്പോൾ സേവനത്തിനുള്ള വേതനമായി നേടിയത്.

ii നിയമപരമായ എന്തെങ്കിലും ചുമതല നിർവ്വഹിക്കുന്നതിന് ഇൻഡ്യയിൽ താമസക്കാരനല്ലാത്ത ഒരാളിൽ നിന്നോ ഇൻഡ്യ സന്ദർശിക്കുന്ന ഒരാളിൽ നിന്നോ ലഭിച്ചത്

iii ഇൻഡ്യയ്ക്ക് വെളിയിൽ സഞ്ചരിക്കുമ്പോൾ മാനവേതനമോ, പാരിതോഷികമോ ആയി ലഭിച്ചത്.

v വിദേശ സഞ്ചാരത്തിന് വേണ്ടി, ആവശ്യപ്പെട്ട ഒരാളിൽ നിന്നും വാങ്ങിയതിൽ ചെലവഴിക്കാതെ ബാക്കി വെച്ച തുക.

ഇൻഡ്യയിലെ സ്ഥിരതാമസക്കാർക്ക്, വിദേശ വിനിമയം ഉദാരമാക്കുന്നതിന് ചില സുപ്രധാന നടപടികൾ കൈകൊണ്ടിട്ടുണ്ട്. അത് ഇൻഡ്യയിൽ താമസിക്കുന്ന ഒരാൾക്ക് ലൈസൻസുള്ള ബാങ്കിൽ (അംഗീകൃത ഡീലർ ആയിരിക്കുന്ന ബാങ്ക്) അക്കൗണ്ട് തുടങ്ങുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. അതിനെ താമസക്കാർക്കുള്ള വിദേശ നാണയ അക്കൗണ്ട് എന്ന് പറയുന്നു. 1 മുതൽ 5 വരെ മുകളിൽ പറഞ്ഞ ഏതെങ്കിലും രീതിയിൽ ലഭിക്കുന്ന പണം ഈ അക്കൗണ്ടിൽ നിക്ഷേപിക്കാം.

ഇതുവരെ ഇൻഡ്യൻ നിവാസിയായ ഒരാൾക്ക് മുകളിൽ പറഞ്ഞ രീതികളിലൂടെ ലഭിച്ച 2000 യു എസ് ഡോളറിന് മുകളിലുള്ള വിദേശ നാണ്യം നിർബന്ധമായും രൂപയാക്കി മാറ്റണ മായിരുന്നു. എന്നാൽ പുതിയ സംവിധാനത്തിന്റെ വരവോട് കൂടിഅവർക്ക് വിദേശ കറൻസി ബാങ്കിൽ നിക്ഷേപിക്കാവുന്നതും അത് ഇൻഡ്യൻ നാണയത്തിലുള്ള നിക്ഷേപമാക്കി മാറ്റാവുന്നതുമാണ്. 2000 യു എസ് ഡോളർവരെയുള്ള വിദേശ നാണ്യം കൈവശം വയ്ക്കാനുള്ള സൗകര്യത്തിന് പുറമേയാണ് റസിഡന്റ് ഫോറിൻ കറൻസി അക്കൗണ്ട് സൗകര്യം.

ഈ തുക ഇൻഡ്യയിൽ താമസിക്കുന്നവർക്കുള്ള വിദേശപണ വിനിമയ നിയന്ത്രണ ചട്ടത്തിനു വിധേയമായി ഏത് ആവശ്യത്തിനും ഉപയോഗിക്കാം(യാത്ര, ആശുപത്രിച്ചിലവ്, പുസ്തകം വാങ്ങുക, ഇന്റർനെറ്റ്, വിദേശ വിദ്യാഭ്യാസം).

വിദേശ പണം മുകളിൽ വിവരിച്ചിട്ടുള്ള അനുവദനീയമായ മാർഗ്ഗങ്ങളിലൂടെ കിട്ടുന്നതുകൊണ്ട് താമസക്കാർക്ക് വിദേശകറൻസി നിക്ഷേപത്തിൽ സൂക്ഷിക്കാവുന്ന പണത്തിന്റെ പരിധി നിശ്ചയിച്ചിട്ടില്ല. ഇത്തരം അക്കൗണ്ട് ചെക്ക് സൗകര്യത്തോട് കൂടിയ കറന്റ് അക്കൗണ്ട് ആയിരിക്കും

വിദേശനാണയ വിനിമയ നിയമഭേദഗതി പ്രത്യേക വിജ്ഞാപനമായി പുറപ്പെടുവക്കുന്നതാണ്. വിജ്ഞാപനത്തിന് വിധേയമായി ബാങ്കുകളുടെ ഡിവിഷണൽ ഓഫീസുകൾ വേഗത്തിൽ അത്തരം അക്കൗണ്ട് തുടങ്ങാൻ അനുവദിക്കുന്നതാണ്. ഈ സൗകര്യങ്ങളുടെ പ്രവർത്തനം ഒരു വർഷത്തിനുശേഷം പുനരവലോകനം ചെയ്യുകയും അനുഭവത്തിന്റെ വെളിച്ചത്തിൽ കൂടുതൽ ഉദാരമാക്കുകയും നവീകരിക്കുകയും ചെയ്യും.

പി വി സദാനന്ദൻ

മാനേജർ

പത്രക്കുറിപ്പ് 2002-02/462